<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിനൊന്നാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7872 16/07/2014-ൽ മറുപടിക്ക്</u>

# നാട്ടിക നിയോജകമണ്ഡലത്തിലെ ഗാർഹിക കണക്ഷൻ അപേക്ഷകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ഗീതാ ഗോപി | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) അപേക്ഷ ലഭിച്ചാൽ ഉടൻ തന്നെ വൈദ്യുതി കണക്ഷൻ നൽകുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വിശദമാക്കുമോ; | (എ) കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 പ്രകാരം, അപേക്ഷകൻ / അപേക്ഷക വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനാവശ്യമായ രേഖകൾ സമർപ്പിക്കുകയും ആവശ്യമായ തുക അടയ്ക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ (മറ്റു തർക്കങ്ങൾ ഒന്നുമില്ലെങ്കിൽ), ലൈൻ നീട്ടൽ ആവശ്യമില്ലാത്ത വൈദ്യുതി കണക്ഷനുകൾ, അപേക്ഷ സ്വീകരിച്ച് ഒരു മാസത്തിനുള്ളിലും, എൽ.റ്റി. ലൈൻ നീട്ടൽ ആവശ്യമുള്ള വൈദ്യുതി കണക്ഷനുകൾ, ആദ്യത്തെ ഒരു കിലോമീറ്റർ വരെ 45 ദിവസത്തിനുള്ളിലും നൽകേണ്ടതാണ്. ഒരു കിലോമീറ്ററിൽ കൂടുതൽ നീളത്തിലുള്ള എൽ.റ്റി. ലൈൻ ആവശ്യമുണ്ടെങ്കിൽ, കൂടുതലായി വരുന്ന ഓരോ കിലോമീറ്ററിനും 15 ദിവസം വീതം കൂടുതലായി അനുവദിച്ചിട്ടുണ്ട്. എന്നിരുന്നാലും സമ്പൂർണ്ണ വൈദ്യുതീകരണം ലക്ഷ്യമാക്കി കഴിയുന്നതും വേഗം കണക്ഷനുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) നാട്ടിക നിയോജക മണ്ഡലത്തിൽ ഗാർഹിക കണക്ഷന് അപേക്ഷ നൽകി കാത്തിരിക്കുന്ന അപേക്ഷകരുടെ എണ്ണം സെക്ഷൻ ഓഫീസുകൾ തിരിച്ച് അറിയിക്കുമോ;<br>(സി) കാലതാമസം കൂടാതെ കണക്ഷൻ നൽകാൻ നടപടി സ്വീകരിക്കുമോ? | <u>(ബി)യും (സി)യും</u><br>തളിക്കുളം ഇലക്ട്രിക്കൽ സെക്ഷനു കീഴിൽ മൂന്ന് അപേക്ഷകർക്കും വലപ്പാട് ഇലക്ട്രിക്കൽ സെക്ഷനു കീഴിൽ മൂന്ന് അപേക്ഷകർക്കും വൈദ്യുതി കണക്ഷൻ നല്കുവാനുണ്ട്. ഈ ആറു സർവീസ് കണക്ഷനുകൾക്കും പ്രോപ്പർട്ടി ക്രോസിംഗ് മൂലം തടസ്സം നിലനിൽക്കുന്നതിനാൽ പ്രശ്നപരിഹാരത്തിനായി എ.ഡി.എം.ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ കണക്ഷനുകൾ നൽകാനാവുകയുള്ളു. |

സെക്ഷൻ ഓഫീസർ